**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096</u>** **<u>02-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>വെള്ളക്കരം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. മാത്യു കുഴൽനാടൻ</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര തവണ വെള്ളക്കരം വർധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർധിപ്പിച്ച നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; നിരക്ക് വർധനയുടെ ഫലമായി ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?</td><td>(എ)</td><td>2016 മുതൽ നാളിതുവരെ ആകെ 3 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<br><br>1. സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.9/2021/ WRD dated 10-02-2021 പ്രകാരം 01/04/2021 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2. സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.9/ 2021/WRD dated 10-02-2021 പ്രകാരം 01/04/2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>3. സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.11/2023/WRD dated 03-02-2023 പ്രകാരം 2023-ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br><br>നിരക്ക് വർദ്ധനവിലൂടെ ഓരോ തവണയും വരുമാനത്തിൽ (എൽ.എസ്.ജി.ഡി ഉൾപ്പെടെ) വന്ന വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>സാമ്പത്തിക വർഷം</th><th>വ്യത്യാസം<br><br>(കോടിയിൽ)</th></tr>
<tr><td>2020-21</td><td></td></tr>
<tr><td>2021-22</td><td>2021 ഏപ്രിലിലെ നിരക്ക് വർദ്ധനവിലൂടെ 97.34 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr>
<tr><td>2022-23</td><td>2022 ഏപ്രിലിലെ നിരക്ക് വർദ്ധനവിലൂടെ 90.17 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr>
<tr><td>2023-24</td><td>2023 ഫെബ്രുവരിയിലെ നിരക്ക് വർദ്ധനവിലൂടെ 649.98 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr>
<tr><td>2024-25</td><td>2023 ഫെബ്രുവരിയിലെ നിരക്ക് വർദ്ധവിന് ശേഷം വാട്ടർ ചാർജ് വർധിപ്പിച്ചിട്ടില്ലാത്തതിനാൽ വാട്ടർ</td></tr>
</table>
</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | ചാർജ് വർദ്ധനവ് കാരണം വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ല |

സെക്ഷൻ ഓഫീസർ